**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1972** **06-07-2022 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ ജില്ലയിലെ കെ-ഫോൺ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കെ-ഫോൺ പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; | (എ) | കെ-ഫോൺ പദ്ധതിയുടെ അടിസ്ഥാന സൗകര്യ വികസനം സംസ്ഥാനത്തൊട്ടാകെ 70 ശതമാനത്തോളം പൂർത്തീകരിച്ചിട്ടുണ്ട്. ഒപ്റ്റിക്കൽ ഗ്രൗണ്ട് വയർ 2625 കി.മീ. പൂർത്തിയാക്കാനുള്ളതിൽ 2440 കി.മീ. പൂർത്തീകരിച്ചു. എ.ഡി.എസ്.എസ്. 27,593 കി.മീ പൂർത്തിയാക്കാനുള്ളതിൽ 19,606 കി.മീ സ്ഥാപിച്ചു. കണക്ഷൻ കൊടുക്കുവാനുള്ള 28,618 ഓഫീസുകളിൽ 24,393 എണ്ണത്തിൽ അതിനുവേണ്ട ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിലൂടെ കണ്ണൂർ ജില്ലയിൽ എത്ര കണക്ഷനുകൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | കണ്ണൂർ ജില്ലയിൽ 2186 സർക്കാർ സ്ഥാപനങ്ങളിൽ കെ-ഫോൺ നൽകുന്നതിനാവശ്യമായ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. |
| (സി) | പദ്ധതിയിലൂടെ കല്ല്യാശ്ശേരി മണ്ഡലത്തിൽ എത്ര കണക്ഷനുകൾ നൽകിയിട്ടുണ്ടെന്നും ആദ്യഘട്ടമായി എത്ര കണക്ഷനുകൾ നൽകുവാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ? | (സി) | കല്ല്യാശ്ശേരി മണ്ഡലത്തിൽ 98 ഓഫീസുകൾ ഉള്ളതിൽ, ആദ്യഘട്ടമായി 43 ഓഫീസുകളിൽ കെ-ഫോൺ കണക്ഷൻ നൽകിയിട്ടുണ്ട്. ഇതു കൂടാതെ ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തി കല്ല്യാശ്ശേരി മണ്ഡലത്തിലെ തിരഞ്ഞെടുക്കപ്പെടുന്ന 100 ബി.പി.എൽ. കുടുംബങ്ങൾക്കും സൗജന്യ കണക്ഷൻ നൽകുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ